**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

**വാർഡ് - 1** വെങ്ങന്നൂർ

ആലത്തൂർ പഞ്ചായത്ത്

ആലത്തൂർ ബ്ലോക്ക്

പാലക്കാട് ജില്ല


സോഷ്യൽ ഓഡിറ്റ് കാലയളവ്: 01-10-2018 to 31-03-2019

സോഷ്യൽ ഓഡിറ്റ് പീരിയഡ് :01-11-2019 to 25-11-2019

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ : 02/12/2019


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള
(MGNSASK)
രണ്ടാം നില, സി.എസ്.ഐ ബിൽഡിങ്സ്
എൽ.എം.എസ് കോമ്പൗണ്ട്
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം
പിൻ: 695033
ഫോൺ: 0471 2724696
ഇ.മെയിൽ: **keralasocialaudit@gmail.com**

# ആലത്തൂർ പഞ്ചായത്ത്





## പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| ജില്ല | : | പാലക്കാട് |
| ബ്ലോക്ക് | : | ആലത്തൂർ |
| താലൂക്ക് | : | ആലത്തൂർ |
| പഞ്ചായത്തിന്റെ പേര് | : | ആലത്തൂർ |
| വിസ്തീർണ്ണം | : | 19.62 ച.കി.മീ |
| നിയമസഭാമണ്ഡലം | : | തരൂർ |
| പാർലമെന്റ് മണ്ഡലം | : | ആലത്തൂർ |
| വാർഡുകളുടെ എണ്ണം | : | 16 |
| ആകെ ജനസംഖ്യ | : | 24796 |
| സ്ത്രീകൾ | : | 13030 |
| പുരുഷൻമാർ | : | 11766 |
| പട്ടികജാതി | : | 2745 |
| സാക്ഷരത | : | 92% |

അതിരുകൾ

| | | |
|---|---|---|
| തെക്ക് | - | വടക്കഞ്ചേരി, മേലാർകോട് പഞ്ചായത്ത് |
| വടക്ക് | - | കുത്തന്നൂർ പഞ്ചായത്ത് |
| കിഴക്ക് | - | എരിമയൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | - | കാവശ്ശേരി പഞ്ചായത്ത് |

വാർഡ് 1 വെങ്ങന്നൂർ



| പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ | | |
|---|---|---|
| 1 | ആകെ തൊഴിൽ കാർഡ് | 3965 |
| 2 | ആകെ തൊഴിലാളികൾ | 4994 |
| 3 | ആക്റ്റീവ് തൊഴിൽ കാർഡ് | 1950 |
| 4 | ആക്റ്റീവ് തൊഴിലാളികൾ | |
| 5 | പട്ടികജാതി വിഭാഗം തൊഴിലാളികൾ | 700 |
| 6 | മറ്റ് വിഭാഗങ്ങൾ | 4294 |
| 7 | കഴിഞ്ഞവർഷം ആകെ ചെലവ് | 2.3285cr |

| വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ | |
|---|---|
| ആകെ തൊഴിൽ കാർഡ് | 264 |
| ആകെ തൊഴിലാളികൾ | 321 |
| ആക്റ്റീവ് തൊഴിലാളികൾ | 120 |
| ആകെ ചിലവായ തുക(2018-2019) | 387725 |
| ആകെ തൊഴിൽ ദിനങ്ങൾ | 2790 |
| സ്ഥിരമായിതൊഴിലിന് അപേക്ഷിക്കുന്നവർ | 120 |
| പട്ടികജാതി വിഭാഗത്തിൽ പെട്ടവർ | 71 |
| കഴിഞ്ഞ വർഷം 100 ദിവസം തൊഴിൽ കിട്ടിയവർ (18-19) | 2 |

## ആമുഖം

രാജ്യത്തെ ഗ്രാമങ്ങളിൽ ജീവിക്കുന്ന സാധാരണക്കാരായ മനുഷ്യരുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യം വച്ച് സ്വാതന്ത്ര്യാനന്തര ഇന്ത്യൻ പാർലിമെന്റിൽ നിർമ്മിക്കപ്പെട്ട ശക്തമായ നിയമങ്ങളിലൊന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്തംബർ മാസം അഞ്ചാം തീയ്യതി ഈ നിയമം നിലവിൽ വന്നു.

തൊഴിൽ ഒരു അവകാശമായി കൽപ്പിച്ചു നൽകുന്ന നിരവധി സവിശേഷതകളുള്ള നിയമമാണിത്. ഗ്രാമീണ മേഖലയിലെ ദാരിദ്ര്യനിർമാർജനം എന്ന പ്രാഥമിക ലക്ഷ്യത്തോടൊപ്പം പാരിസ്ഥിതിക പുനസ്ഥാപനം, സാമൂഹ്യ ആസ്തി സൃഷ്ടിക്കൽ എന്നിവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തിനും അവരുടെ കായികാധ്വാന ശേഷിക്കും നിയമ സാധുതയും അന്തസ്സും കൽപ്പിക്കുന്നുവെന്നതാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷത. കേരളത്തിലാദ്യമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത് പാലക്കാട്ടും വയനാട്ടിലുമാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ വിപുലമായ അനുഭവസമ്പത്ത് ആർജിക്കാൻ നമുക്ക് കഴിഞ്ഞിരിക്കേണ്ടതാണ്.

## മുഖ്യ ലക്ഷ്യങ്ങൾ

1.ഗ്രാമ പ്രദേശത്ത് താമസിക്കുന്ന, അവിദഗ്ധ തൊഴിൽ ചെയ്യാൻ താത്പര്യമുള്ള എതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിലിനുള്ള അവകാശം.

2.ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

3.സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

4.പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം,കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം
- തൊഴിലാളികൾക്ക് ആസൂത്രണത്തിലും നിർവഹണത്തിലും പങ്കാളിത്തം
- വേതനം നേരിട്ട് തൊഴിലാളികളുടെ ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടിലേക്ക്
- പദ്ധതി സുതാര്യമാക്കാൻ സാമൂഹ്യ ഓഡിറ്റ്

## <u>സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും പൊതുജന പങ്കാളിത്തത്തോടെയുള്ള സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് ഈ നിയമത്തിന്റെ അനുച്ഛേദം 17(2)ൽ നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചെലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്ക് പരിശോധന.

എല്ലാ വാർഡിലും വർഷത്തിൽ രണ്ട് പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ കൃത്യമായി നടത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ അഴിമതിക്ക് ഇടനൽകാതെ, സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയാണ് സോഷ്യൽ ഓഡിറ്റിലൂടെ ലക്ഷ്യമിടുന്നത്. സമൂഹത്തിലെ നാനാതുറകളിലുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കി,വിപുലമായ സാമൂഹ്യ വിദ്യാഭ്യാസ പരിപാടിയായണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടക്കുക. പദ്ധതിപ്പണം ശരിയായ രീതിയിൽ ചെലവഴിച്ചിട്ടുണ്ടോ, പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചുവോ, പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണപരമായ എന്തുമാറ്റമാണുണ്ടായത്, സാമൂഹ്യ ആസ്തി സൃഷ്ടിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളാണ്

സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്നതിനാൽ സർക്കാർ പദ്ധികളുടെ നടത്തിപ്പിനുമേൽ പൊതുസമൂഹത്തിന്റെ ജാഗ്രതയുറപ്പാക്കാൻ സോഷ്യൽ ഓഡിറ്റ് വഴിയൊരുക്കും.

രാജ്യത്തെ പരമോന്നത ഓഡിറ്റിങ് സംവിധാനമായ കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി.എ.ജി) പുറപ്പെടുവിച്ച മാർഗനിർദേശമനുസരിച്ചാണ് ഈ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്.സംസ്ഥാന സർക്കാർ രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ ആലത്തൂർ ബ്ലോക്കിലെ ആലത്തൂർ പഞ്ചായത്തിലെ അഞ്ചാമത്തെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയാണ് നടക്കാൻ പോകുന്നത്.

## <u>രീതിശാസ്ത്രം</u>

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവൃത്തിഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളുമായുള്ള അഭിമുഖം, എം.ഐ.എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി അവംലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

1. ഓഡിറ്റ് പ്ലാൻ

1.1 ഓഫീസ് സന്ദർശന പരിപാടികൾ.

2. അഭിമുഖം

2.1 ( ബിഡിഒ, പഞ്ചായത്ത് പ്രസിഡന്റ്,ജനപ്രതിനിധികൾ,സെക്രട്ടറി & സ്റ്റാഫ്).

2.2 മേറ്റ് ,തൊഴിലാളികൾ,കർഷകർ,തൊഴിലിന് പോകാത്ത തൊഴിൽ കാർഡ് ഉടമകൾ.

3. ഫയൽ പരിശോധന

3.1 പൊതുപ്രവൃത്തികൾ,വ്യക്തിഗത പ്രവൃത്തികൾ

3.2 രേഖകളുടെ ഉള്ളടക്കം.സുതാര്യത,പരിപൂർണത.

3.3 ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കാര്യപ്രാപ്തി.

4.ഫീൽഡ് സന്ദർശനം,നിരീക്ഷണം.

4.1 പൂർത്തിയായ തൊഴിലിടം.

5. റഫറൻസ് .

5.1 വികസന രേഖ,വാർഷിക പദ്ധതി രേഖ,രജിസ്റ്ററുകൾ,വർക്ക് ഫയൽ.

6. സോഷ്യൽ ഓഡിറ്റ് എംഐഎസ് ഫോർമാറ്റിലേക്കുള്ള വിവരശേഖരണം

6.1.വിവരങ്ങളുടെ ക്രോഡികരണം

7. ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച

8. കരട് റിപ്പോർട്ട് തയ്യാറാക്കൽ

**അവകാശങ്ങളെ സംബന്ധിച്ച്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും ഏറ്റെടുക്കേണ്ട പ്രവ്യത്തികളെ കുറിച്ചും തൊഴിലുറപ്പ് നിയമത്തിലും 2018 ലെ മാസ്റ്റർ സർക്കുലറിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

**തൊഴിലാളികളുടെ 10 അവകാശങ്ങൾ**

1. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽകാർഡ് ലഭിക്കുവാനുള്ള അവകാശം.

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശവും

3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം, (15 ദിവസം കഴിഞ്ഞാൽ അടുത്ത 30 ദിവസം ദിവസവേതനത്തിന്റെ നാലിലൊന്നും പിന്നിടുള്ള ദിവസങ്ങളിൽ ദിവസവേതനത്തിന്റെ 50% വും ലഭിക്കാൻ തൊഴിലാളിക്ക് അവകാശമുണ്ട്.)

4. പദ്ധതി ആസൂത്രണത്തിൽ പങ്കെടുക്കാനുള്ള അവകാശം.

5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം, അല്ലെങ്കിൽ (വേതനത്തിന്റെ 10 ശതമാനം അധികം)

6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം.

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം.

8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.

9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.

10. ഗ്രാമസഭയിൽ പങ്കെടുക്കുന്നതിനും സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ പങ്കെടുക്കാനുമുള്ള അവകാശം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അടിസ്ഥാനപരമായി ഒരു അവകാശാധിഷ്ഠിത പദ്ധതിയാണ്. അതുകൊണ്ടുതന്നെ തൊഴിലാളികളുടെ അവകാശലംഘനത്തെ ഗൗരവത്തോടെതന്നെ കാണേണ്ടതുണ്ട്.അതിലേക്ക് വരുന്നതിന് മുമ്പ് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം) ആലത്തൂർ വാർഡിൽ 27 വ്യക്തിഗത ഫയലുകളും 2 ജനറൽ പ്രവൃത്തി ഫയലുകളും പരിശോധിക്കുകയുണ്ടായി. അതിന്റെ വിവരങ്ങൾ ഇവിടെ പങ്കുവക്കുന്നു.

**<u>സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ</u>**

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവൃത്തി | തീയതി | അടങ്കൽ തുക | ചെലവായ തുക | അവിദഗ്ദ്ധ തൊഴിൽ ദിന | വിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ | സാധന ഘടകം |
|---|---|---|---|---|---|---|---|---|

| | | | | | | ങ്ങ ൾ | | |
|---|---|---|---|---|---|---|---|---|
| 1 | IF384202 | വെങ്ങന്നൂർ നീർത്തടം കമാലുദ്ധീൻ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |
| 2 | IF384195 | വെങ്ങന്നൂർ നീർത്തടം മണി വാലിപ്പറമ്ബ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |
| 3 | IF384214 | വെങ്ങന്നൂർ നീർത്തടം പുഷ്പാവതി ഊരംകോട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 4600 | 14 | ഇല്ല | ഇല്ല |
| 4 | IF384220 | വെങ്ങന്നൂർ നീർത്തടം അഷറഫ് യൂസഫ് മൻസിൽ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |
| 5 | IF383706 | വെങ്ങന്നൂർ നീർത്തടം രാമൻകുട്ടി മറുതക്കോട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 4875 | 15 | ഇല്ല | ഇല്ല |
| 6 | IF384199 | വെങ്ങന്നൂർ നീർത്തടം തങ്ക കുഞ്ചൻ വാലിപ്പറമ്പ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | IF383701 | വെങ്ങന്നൂർ നീർത്തടം കൃഷ്ണൻകുട്ടി വാലിപ്പറമ്പ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |
| 8 | IF384203 | വെങ്ങന്നൂർ നീർത്തടം അബ്ദുൾ മജീദ് കളത്തിൽവീട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 5700 | 18 | ഇല്ല | ഇല്ല |
| 9 | IF383184 | വെങ്ങന്നൂർ നീർത്തടം അംബിക രാധാകൃഷ്ണൻ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6325 | 23 | ഇല്ല | ഇല്ല |
| 10 | IF384223 | വെങ്ങന്നൂർ നീർത്തടം ഓമന ചന്ദ്രൻ വാലിപറമ്ബ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 5700 | 18 | ഇല്ല | ഇല്ല |
| 11 | IF384194 | വെങ്ങന്നൂർ നീർത്തടം ബാലൻ തങ്കമണി ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |
| 12 | IF384196 | വെങ്ങന്നൂർ നീർത്തടം ചെല്ല കൃഷ്ണൻകുട്ടി വാലിപറമ്ബ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6525 | 21 | ഇല്ല | ഇല്ല |
| 13 | IF384183 | വെങ്ങന്നൂർ നീർത്തടം ഉണ്ണികൃഷ്ണൻ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | IF384201 | വെങ്ങന്നൂർ നീർത്തടം ഹംസ കളത്തിൽവീട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 6250 | 20 | ഇല്ല | ഇല്ല |
| 15 | LD235135 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട കുഞ്ഞ 1/16 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |
| 16 | LD235132 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട ദേവു 1/14 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |
| 17 | LD235174 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട സരോജിനി 1/53 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |
| 18 | IF352427 | മരുതകോട് പാടശേഖരംശങ്കരൻ കെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 12000 | 11400 | 36 | ഇല്ല | ഇല്ല |
| 19 | LD235129 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട കോമളം 1/126 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |
| 20 | LD235164 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട ചെല്ല 1/35 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |
| 21 | LD235149 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട വള്ളി 1/19 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 19/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 22 | LD235352 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട മീനാക്ഷി 1/20 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |
| 23 | IF352453 | മരുതകോട് വെങ്ങന്നൂർ പാടശേഖരം ഉണ്ണികൃഷ്ണൻ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 12000 | 10850 | 34 | ഇല്ല | ഇല്ല |
| 24 | LD215145 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട തങ്കമണി 1/24 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 5000 | 4875 | 15 | ഇല്ല | ഇല്ല |
| 25 | IF347880 | ഊരംകോട് പാടശേഖരം നബീസ മാക്കുട്ടി റാവുത്തർ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 28/02/2019 to 06/03/2019 | 12000 | 11400 | 36 | ഇല്ല | ഇല്ല |
| 26 | IF383722 | വെങ്ങന്നൂർ നീർത്തടം പ്രേമ ഉണ്ണികൃഷ്ണൻ കളത്തിൽവീട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 09/03/2019 to 15/03/2019 | 7000 | 4875 | 15 | ഇല്ല | ഇല്ല |
| 27 | IF347160 | ഊരംകോട് പാടശേഖരം ബീഫാത്തുമ്മ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | 20/02/2019 to 26/02/2019 | 12000 | 11400 | 36 | ഇല്ല | ഇല്ല |
| 28 | IC212641 | പൂളയ്ക്കൽകാട് ജലസേചന കാടക്കനാൽ സംരക്ഷണം | 12/12/2018 to 18/12/2018 | 50000 | 40125 | 135 | ഇല്ല | ഇല്ല |
| 29 | WC294940 | വെങ്ങന്നൂർ നീർത്തടത്തിൽ ഉൾപ്പെട്ട മൺകയ്യാല | 22/10/2018 to 28/10/2018 | 250000 | 174950 | 618 | ഇല്ല | ഇല്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | നിർമാണം (ഊരംകോട് പാടശേഖര സമിതി ) | 30/10/2018 to 05/11/2018 | | | | | | |

**ഒറ്റ നോട്ടത്തിൽ**

**സന്ദർശന വിവരങ്ങൾ**

| | | |
|---|---|---|
| **1.** | ആകെ സന്ദർശിച്ച തൊഴിലിടങ്ങൾ | **29** |
| **2** | സന്ദർശിച്ച വീടുകൾ | **28** |
| **3** | സന്ദർശിച്ച സജീവ തൊഴിലാളികൾ | **28** |
| **4** | സന്ദർശിച്ച നിഷ്ക്രിയ തൊഴിലാളികൾ | **0** |
| **5** | പരിശോധിച്ച തൊഴിൽ കാർഡുകൾ | 35 |

| | വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം |
|---|---|---|---|---|
| **1** | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | **9311669** | 919006 | **79117** |
| **2** | കുടുബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ(ലക്ഷത്തിൽ) | **56.1** | **45.11** | |
| **3** | 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | **29976** | **1625** | **133** |
| **4** | ആകെ തൊഴിലെടുത്ത കുടുംബങ്ങൾ | **1.66** | | 3965 |
| **5** | ആകെ തൊഴിലെടുത്ത തൊഴിലാളികൾ | **1.88** | 20372 | 4994 |
| **6** | ആകെ തൊഴിലെടുത്ത എസ്.സി കുടുംബങ്ങൾ | **28.7%** | 183560 | 491 |
| **7** | ആകെ തൊഴിലെടുത്ത എസ് ടി കുടുംബങ്ങൾ | **8.63%** | 4036 | 0 |

## <u>ഏഴ് രജിസ്റ്ററുകളുടെ പരിശോധന</u>

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും സൂക്ഷിക്കേണ്ടവയാണ്.

1) തൊഴിൽ കാർഡിനുള്ള അപേക്ഷയുടെ രജിസ്റ്റർ

2) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

3) ഡിമാന്റ് രജിസ്റ്റർ

4) പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

5) സ്ഥിര ആസ്തികളുടെ രജിസ്റ്റർ

6) പരാതി രജിസ്റ്റർ

7) മെറ്റീരിയൽരജിസ്റ്റർ രജിസ്റ്റർ

**കണ്ടെത്തലുകൾ**

കേന്ദ്ര സർക്കാറിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന ഏഴു രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷികേണ്ടാതാണ്

- AMC പ്രകാരമുള്ള 7രജിസ്റ്ററുകൾഉണ്ടായിരുന്നു.

**1. തൊഴിൽ കാർഡ് രജിസ്റ്റർ**

- തൊഴിൽകാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ ആണ്തൊഴിൽകാർഡ് രജിസ്റ്റർ. 2018-19 കാലയളവിൽ പഞ്ചായത്തിൽ നിന്നും പുതിയ കാർഡുകൾ 333 എണ്ണം അനുവദിച്ചിട്ടുണ്ട്. 561പേർക്കായാണ് കാർഡ് അനുവദിച്ചിരിക്കുന്നത്

**2 ഗ്രാമസഭരജിസ്റ്റർ**

- ഓഡിറ്റിനു വിധേയമാക്കിയ .1ആം വാർഡിലെ ഗ്രാമസഭരജിസ്റ്റർ പരിശോധിച്ചപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഗ്രാമസഭയിൽ ചർച്ച ചെയ്തു തീരുമാനിച്ചതായി കാണുവാൻ സാധിച്ചു .

**3 ഡിമാൻഡ്അലോക്കേഷൻ/വേതനരജിസ്റ്റർ**

- പരിശോധിച്ചതിൽ ഡിമാൻഡ് കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് nregs ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഡിമാന്റുകൾ കൂട്ടായി ബൈന്റ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നു.

**4.വർക്ക് രജിസ്റ്റർ:**

- പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- **2018 -19** കാലയളവിൽ ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന മുഴുവൻ ഫയലുകളുടേയും വിവരങ്ങൾ വർക്ക് രജിസ്റ്ററിൽ ഉണ്ട് എം. ഐ. എസ് ഇൽ നിന്നും ഡൗൺലോഡ് ചെയ്തു സൂക്ഷിച്ചിരിക്കുന്നു

**5 ആസ്തിരജിസ്റ്റർ: (**സ്ഥിര ആസ്തികളുടെ രജിസ്റ്റർ)

- 2019 ജനുവരി മാസം വരെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തികളുടെ പേരും വിവരങ്ങളും നല്ല രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**6 പരാതി രജിസ്റ്റർ:**

പരാതികളൊന്നും കാണാൻ കഴിഞ്ഞില്ല. 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമല്ല.

**7 മെറ്റീരിയൽരജിസ്റ്റർ :**

- 1ആംവാർഡിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തി ഉണ്ടായിരുന്നില്ല.

**<u>ഫയൽ വെരിഫിക്കേഷൻ</u>**

2018ലെ വാർഷിക മാസ്റ്റർ സർക്കുലർ അധ്യായം 7ലെ ഖണ്ഡിക 11(5) പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെ പറയുന്ന 22 രേഖകൾ സൂക്ഷിക്കേണ്ടതുണ്ട്

1.കവർപേജ്

2.ചെക് ലിസ്റ്റ്

3.വാർഷിക പദ്ധതി ആസൂത്രണ രേഖ

4.ടെക്നിക്കൽ എസ്റ്റിമേറ്റ് ആന്റ് ഡിസൈൻ

5.സാങ്കേതിക അനുമതി രേഖ(TS)

6.ഭരണാനുമതി രേഖ(AS)

7.സംയോജിത പദ്ധതി ആണെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ

8.ആന്വൽ മാസ്റ്റർ സർക്കുലർ അനുഛേദം 3എ,3ബി പ്രകാരമുള്ള തൊഴിലാളികളുടെ ഡിമാന്റ് ഫോറം.

9.പ്രവൃത്തി അനുവദിക്കൽ ഫോറം

10.ഇ.മസ്റ്റർ റോൾ

11.മെഷർമെന്റ് ബുക്ക്

12.മെറ്റീരിയൽ വർക്ക് ആണെങ്കിൽ സാധനങ്ങൾ വാങ്ങുന്നതും ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ

13.വേജ് ലിസ്റ്റ്

14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

15.മെറ്റീരിയൽ വൗച്ചറുകളും ബില്ലുകളും

16.റോയൽറ്റി ഉണ്ടെങ്കിൽ അതിന്റെ രേഖകൾ

17.പ്രവൃത്തി ആരംഭം മുതൽ അവസാനിക്കുന്നതുവരെയുള്ള മൂന്ന് ഘട്ട ഫോട്ടോ.

18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം.

19.മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്/ഫയൽ ട്രാക്കിങ് ഫോറം

20.ജിയോ ടാഗ്ഡ് ഫോട്ടോഗ്രാഫ്

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22.സൈറ്റ് ഡയറി

**കണ്ടെത്തലുകൾ**

**1.കവർപേജ്**

പരിശോധിച്ച ഫയലുകളിൽ വാർഷിക മാസ്റ്റർസർക്കുലർ പ്രകാരമുള്ള കവർപേജ്കാണാൻ സാധിച്ചു. geotag അസറ്റ് ID, TA/JE/BFT യുടെ പേരും കാണാൻ സാധിച്ചില്ല

.

**2.ചെക്ക്ലിസ്റ്റ്**

- വർക്ക്ഫയലിൽസൂക്ഷിച്ചിരിക്കുന്നവിവരങ്ങളുടെപട്ടികയും, അവയുടെപേജ്നമ്പറുംരേഖപ്പെടുത്തേണ്ടചെക്ക്ലിലിസ്റ്റ്ഫയലിൽസൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലുകളിൽ 18 രേഖകളുടെ ചെക്ക് ലിസ്റ്റ് ആണ് കാണാനായത്. അതിലെ മുഴുവൻ രേഖകളും കാണാൻ കഴിഞ്ഞില്ല. പേജ് നമ്പരോടുകൂടിയതായിരുന്നില്ല ചെക്ക് ലിസ്റ്റ്.

**3.ആക്ഷൻപ്ലാൻ**

- ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ. കോപ്പി ഗ്രാമസഭ നിർദ്ദേശിക്കുന്ന.

പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും .ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തിതന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പിഉപകരിക്കുന്നു

- .പരിശോധിച്ച ഫയലുകളിൽ AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി കാണാൻ സാധിച്ചില്ല.എന്നിരുന്നാലും തൊഴിലുറപ്പ് വിഭാഗം ഓഫീസിൽപഞ്ചായത്തിലെ മുഴുവൻ ആക്ഷൻ പ്ലാനും ബൈൻഡ് ചെയ്തു വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു
- ഇതിന്റെ ഒരു കോപ്പി ഫയലിൽ കൂടി സൂക്ഷികെണ്ടാതാണ്

**4.എസ്റ്റിമേറ്റ്ഡിസൈൻആൻഡ്രോയിങ്**

- സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്. ഓരോ പ്രവർത്തിക്കും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നേട്ടങ്ങൾ വിശദീകരിക്കുന്ന സാങ്കേതിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതും സെക്വർ സോഫ്റ്റ് വെയറിലൂടെ ഓൺലൈനായി അനുമതികൾ ലഭ്യമാക്കേണ്ടതുമാണ് പരിശോധിച്ച ഫയലുകളില്ലാംഡീറ്റൈൽഡ്എസ്റ്റിമേറ്റ്ഉണ്ടായിരുന്നു.

**5.ഭരണാനുമതി**

- ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതിപരിശോധിച്ച ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട്.ഡേറ്റോടുകൂടിയ സൈൻ ഇല്ല.

**6.സാങ്കേതികാനുമതി**

- പരിശോധിച്ച ഫയലുകളിൽ സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ്സീൽ തീയതി മുതലായവയും കാണാൻ സാധിച്ചു. ഡേറ്റോടുകൂടിയ സൈൻ ഇല്ല.

**7.സംയോജിതപദ്ധതി(കൺവേർജൻസ്)**

പരിശോധിച്ച വർക്കു കൾക്ക്കൺവേർജൻസ് ബാധകമല്ല

**8.ഡിമാൻഡ്ഫോം**

- പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് **nregs** ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്**.** ഫ്രണ്ട് ഓഫീസിൽ നൽകി റെസിപ്റ്റ് കൈപ്പറ്റുന്ന രീതിയിലേക്കു മാറണം**.**

  1 ആം വാർഡിൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികളുടെ ഡിമാൻഡ്കണ്ടെത്തിയെങ്കിലും 'ഓരോ പ്രവർത്തിയുടെയും ഡിമാൻഡ് അതാത് ഫയലിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം.

**9.വർക്ക്അലോക്കേഷൻഫോം**

- തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക്അലോക്കേഷൻ ഫോം ഫയലിൽ കാണാൻ സാധിച്ചു.

**10.ഇമസ്റ്റർ റോൾ**

- തൊഴിലാളികൾതൊഴിൽചെയ്യുന്നതീയതി, ദിവസംഉൾപ്പെടെഹാജർരേഖപ്പെടുത്തുന്നതിനുള്ളഅടിസ്ഥാനരേഖയാണ് ഇമസ്റ്റർ റോൾ.
  ഇതിൽബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ,പഞ്ചായത്ത്സെക്രട്ടറിഎന്നിവർഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. ഇ-മസ്റ്റർ റോളുകളിൽ ബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ, പഞ്ചായത്ത്സെക്രട്ടറിഎന്നിവർ ഒപ്പും, സീലും, തിയതിയും രേഖപെടുത്തിയിട്ടുണ്ട്.
  .ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽദിനങ്ങൾ,കൂലിഎന്നിവരേഖപ്പെടുത്തിയിട്ടുണ്ട്.

**11.മെഷർമെൻറ്പുസ്തകം (M Book)**

- എല്ലാഫയലുകളിലും M book ഉണ്ടായിരുന്നു.
- മെഷർമെൻറ്ബുക്കിൽ നമ്പർ പേജ്നമ്പർ ഇവരേഖപ്പെടുത്തിയിട്ടുണ്ട്
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതായത്ഓവർസിയർ, എൻജിനീയർ എന്നിവരുടെ ഒപ്പ്മെഷർമെന്റ് ബുക്കിൽ ഉണ്ട്.

**12.മെറ്റീരിയൽലിസ്റ്റ്**

- മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തി ഉണ്ടായിരുന്നില്ല.

**13.വേജ് ലിസ്റ്റ്**

- തൊഴിലാളികൾഎത്രദിവസംജോലിചെയ്തുഎന്നതിന്അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ടതുകഅതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ചകൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാംകാണിച്ചുകൊണ്ട് പണം കൈമാറ്റം നടക്കുമ്പോൾ തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്
- മസ്റ്റർറോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞു.

**14.മസ്റ്റർറോൾ /ഫയൽമാറ്റസ്ലിപ്പുകൾ**

- ഒരുമസ്റ്റർറോൾഅവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണംഎന്ന്നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ക്വാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്നഎസ്റ്റിമേറ്റ്കാണിക്കുകയോചെയ്യുന്നത്നിയമവിരുദ്ധമാവുകയുംസെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക്ക് വിധേയമാവേണ്ടിവരുകയുംചെയ്യും.
- എല്ലാ ഫയലുകളിലും ഫയൽട്രാക്കിംഗ്ഫോം അഥവാ മസ്റ്റർറോൾമൂവ്മെൻറ്സ്ലിപ്പ് ഉണ്ടായിരുന്നു.
- ആക്ഷൻ പ്ലാനിന്റെ യൂണിക് id രേഖപ്പെടുത്തിയിട്ടില്ല.

15. മെറ്റീരിയൽവൗച്ചർബിൽ

- പരിശോധിച്ച ഒരു പ്രവൃത്തികൾ മെറ്റീരിയൽ ഉപയോഗിച്ചുള്ളതായിരുന്നില്ല.

**16.ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)**

- പരിശോധിച്ച ഫയലുകളിൽ ഫണ്ട്ട്രാൻസ്ഫർഓർഡർ**(FTO)** ഹാർഡ് കോപ്പി സൂക്ഷിച്ചിട്ടില്ല**.** പൊതു ഫയലുകളിൽ **FTO** കാണാൻ സാധിച്ചു.

**17. റോയൽറ്റി**

- പരിശോധനക്ക് വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല

**18.ഫോട്ടോഗ്രാഫ്**

- പ്രവർത്തിതുടങ്ങുന്നതിന്മുമ്പ്പ്രവർത്തിനടന്നുകൊണ്ടിരിക്കുമ്പോൾ, പ്രവർത്തിപൂർത്തീകരിച്ചുകഴിയുമ്പോൾ തുടങ്ങിയഓരോഘട്ടത്തിലെയുംഫോട്ടോകൾഫയലിൽസൂക്ഷിക്കണമെന്നു നിഷ്കർഷിച്ചിരിക്കുന്നു
- ഇത്തരത്തിലുള്ള ഒരു ഫോട്ടോകളും കാണാൻ സാധിച്ചില്ല. CIB യോടുകൂടിയ ഫോട്ടോ ഫയലിൽ സൂക്ഷിക്കണം.

19.<u>ജിയോടാഗ്ഡ്ഫോട്ടോസ്</u>

- പ്രവർത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോയോടാഗ്ഡ്ഫോട്ടോസ്. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിൽ പോലും കാണാൻ സാധിച്ചില്ല.

**20<u>പ്രവൃത്തിപൂർത്തീകരണസാക്ഷ്യപത്രം</u>**

- പരിശോധിച്ച ഫയലുകളിൽ പ്രവ്ർത്തി പൂർത്തികരണ സാക്ഷ്യപത്രം കാണാൻ സാധിച്ചു .

**21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്**

- എഎംസി പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

- സംസ്ഥാനസർക്കാരിന്റെനിർദ്ദേശപ്രകാരംവർക്ക്ഫയലിൽസൂക്ഷിക്കേണ്ട 22 മത്തെരേഖയാണ് സൈറ്റ് ഡയറി.
- പരിശോധിച്ച എല്ലാ ഫയലുകൾക്കും സൈറ്റ് ഡയറി ഉണ്ടായിരുന്നു.
- സൈറ്റ്ഡയറിയുടെ കവർപേജിൽ പ്രവർത്തിയെകുറിച്ചുള്ളപ്രാഥമികവിവരങ്ങൾഏതൊരുവ്യക്തിക്കുംമനസ്സിലാക്കാൻപറ്റുന്നരീതിയിൽഉണ്ടാകേണ്ടതാണ്.പ്രവർത്തിആരംഭിക്കുന്നദിവസംപ്രവർത്തിഅവസാനതീയതിഎസ്റ്റിമേറ്റ്തുക,പ്രവൃത്തിദിനങ്ങൾ ,എന്നിവ കവർപേജിൽ ഉണ്ടായിരുന്നു.
- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് പ്രോജക്ട്ഇനീഷ്യൽമീറ്റിങ്ങ്.ഒരുപ്രവൃത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിയെക്കുറിച്ചുള്ളവിവരങ്ങൾപങ്കുവയ്ക്കുന്നതുംഅതുപോലെഒരുപ്രവർത്തിഎങ്ങനെചെയ്യണമെന്ന്തൊഴിലാളികൾക്ക്കൃത്യമായഅവബോധംഉണ്ടാക്കിഎടുക്കുന്നതിനുംവാർഡ്മെമ്പർ,സ്റ്റാഫ്എന്നിവരുടെഅധ്യക്ഷതയിൽകൂടുന്നയോഗമാണ്പദ്ധതി ആരംഭമീറ്റിങ്ങ്.1 ആം വാർഡിൽ പണികൾ തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിംഗ് നടന്നിട്ടുണ്ട്.

- സൈറ്റ്ഡയറിയുടെഒരുഭാഗമാണ്വിജിലൻസ്ആൻഡ്മോണിറ്ററികമ്മിറ്റിയുടെറിപ്പോർട്ട്ഉണ്ടായിരുന്നെങ്കിലുംഅഭിപ്രായങ്ങൾരേഖപ്പെടുത്തിയിട്ടുണ്ടയിരുന്നില്ല.ഓരോവാർഡിലെപ്രവർത്തനങ്ങളെനിരീക്ഷിക്കുന്നതിനുംകൂടുതൽമെച്ചപ്പെടുത്തുന്നതിനുമായികാര്യക്ഷമമായപ്രവർത്തിക്കേണ്ടവരുമാണ്വി.എം.സിയിൽഅംഗങ്ങൾആയിരിക്കേണ്ടത്.സൈറ്റ്ഡയറിമറ്റൊരുഒരുഭാഗമാണ്സന്ദർശകകുറിപ്പ്:പ്രവൃത്തയുടെഓരോഘട്ടങ്ങളിലുള്ളപുരോഗതിവിലയിരുത്തുന്നതിനും,തൊഴിലാളികളുടെപ്രശ്നങ്ങൾമനസ്സിലാക്കുന്നതിനും,പദ്ധതിനിർവഹണഏജൻസിയുടെഉദ്യോഗസ്ഥർജനപ്രതിനിധികൾ,VMCഅംഗങ്ങൾഎന്നിവർപ്രവൃത്തിനടക്കുമ്പോൾസ്ഥന്ദർശനംനടത്തേണ്ടതാണ്. സൈറ്റ് ഡയറിയിൽഉണ്ടായിരികേണ്ടമറ്റൊരുപ്രധാനപെട്ടഭാഗമാണ്തൊഴിലാളികളുടെസാക്ഷിപത്രംമസ്റ്റർറോളിൽഒപ്പുവെച്ചതൊഴിലാളികൾപ്രവൃത്തിചെയ്തുഎന്നും,മേറ്റ്മേൽനോട്ടംവഹിച്ചുഎന്നുംതെളിയിക്കുന്നആധികാരികരേഖയാണ്സാക്ഷിപത്രംപരിശോധിച്ചഫയലുകളിൽഉള്ളസൈറ്റ്ഡയറിയിൽഎല്ലാംതൊഴിലാളികൾസാക്ഷ്യപ്പെടുത്തിയിരുന്നു

## തൊഴിലിടത്തെ സൗകര്യങ്ങൾ

തൊഴിൽ സ്ഥലത്ത് തൊഴിലാളികൾക്ക് ആവശ്യമായ കുടിവെള്ളം, തണൽ, പ്രാഥമിക വൈദ്യസഹായം, 5 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ക്രഷ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്ന് നിയമത്തിലെ ഷെഡ്യൂൾ 2ൽ 23 മുതൽ 28 വരെയുള്ള ഭാഗത്ത് നിർദേശിച്ചിട്ടുണ്ട്. ഈ അവകാശത്തെക്കുറിച്ച് തൊഴിലാളികളോട് സംസാരിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്:

- ക്രഷ് സൗകര്യത്തെക്കുറിച്ച് തൊഴിലാളികൾക്ക് ഉപയോഗപ്പെടുത്താറില്ല.
- കുടിവെള്ളം ലഭ്യമാണ്
- തണൽ സൗകര്യം ലഭ്യമല്ല
- കയ്യുറ, കാലുറ തുടങ്ങിയവ ലഭ്യമല്ല
- തൊഴിലാളികൾക്ക് ചികിത്സ സഹായത്തെക്കുറിച്ചുള്ള അവബോധം കുറവാണ്
- പ്രഥമ ശുശ്രൂഷ കിറ്റ് ഉണ്ട്.

## വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മറ്റി (ജാഗ്രതാ മേൽനോട്ട സമിതി)

ഓരോ ഗ്രാമപഞ്ചായത്തിലും അഞ്ച് അംഗങ്ങളുള്ള ജാഗ്രത മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ പട്ടികവർഗ്ഗ പട്ടിക ജാതി വിഭാഗക്കാർക്ക് വേണ്ടത്ര പ്രാധാന്യം നൽകേണ്ടതും പകുതി പേർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്. അധ്യാപകർ ,അംഗനവാടി വർക്കർ, സ്വയം സഹായ

സംഘത്തിലെ അംഗങ്ങൾ, സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ, ഉപഭോക്തൃ സമിതികൾ, യുവജന ക്ലബ്ബുകൾ, പൊതു സമൂഹ സംഘടനകൾ, തുടങ്ങിയവരിൽ നിന്നും VMC അംഗങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. ഏറ്റവും കുറഞ്ഞ കാലയളവിലേക്ക് VMC യെ നിയമിക്കേണ്ടത് ഗ്രാമസഭയാണ്. പ്രവർത്തി സ്ഥല സന്ദർശനം ,തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ, രേഖകളുടെ പരിശോധന പ്രവർത്തി സ്ഥല സൗകര്യങ്ങളുടെ പരിശോധന, പ്രവർത്തികളുടെ ഗുണനിലവാരം നിർണയിക്കൽ, തുക നിർണയം, പ്രവർത്തിയിൽ ഉടനീളമുള്ള റിപ്പോർട്ടിംഗ്, പ്രവർത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഗുണപരമായ വിലയിരുത്തൽ എന്നിവയാണ് പ്രധാന ചുമതല. VMC എല്ലാ പ്രവർത്തികളും പരിശോധിക്കേണ്ടതും മൂല്യ നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് സമയത്ത് അവ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ്. VMC റിപ്പോർട്ട് ഒരു പൊതു രേഖയായി കരുതേണ്ടതും ആവശ്യപ്പെടുന്നതിനനുസരിച്ച് ഒരു പൊതു രേഖയായി പഞ്ചായത്ത് നിന്നും ലഭിക്കേണ്ടതും ആണ്.

- അഞ്ചുമുതൽ ഏഴുവരെ അംഗങ്ങൾ ഉൾപ്പെട്ടതാണ് ഒരു വിഎംസി
- VMC റിപ്പോർട്ടിൽ ഗുണനിലവാരത്തെ കുറിച്ച് ഒന്നുംതന്നെ രേഖപ്പെടുത്തുന്നില്ല

**CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് .Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക, സാധന വേതന ഘടകങ്ങൾ, യഥാർത്ഥ ചെലവ് ,തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്..ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്. ഓരോ പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ് ,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്. നിർമ്മാണച്ചെലവ് വ്യക്തിഗത. പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. സി ഐ ബി അടങ്ങുന്ന ഒരു ഫോട്ടോ വർക്ക് ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.

**അവകാശലംഘനങ്ങൾ**

സോഷ്യൽ ഓഡിറ്റ് ടീം ഈ വാർഡിലെ കുടുംബങ്ങളുമായി സംസാരിച്ചപ്പോൾ അവകാശലംഘനങ്ങളുമായി ബന്ധപ്പെട്ട് ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.അക്കാര്യങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്.

**തൊഴിൽ കാർഡ്**

തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളിയുടെ അടിസ്ഥാനപരമായ അവകാശമാണ് തൊഴിൽകാർഡ്.അപേക്ഷിച്ചാൽ 15 ദിവസത്തിനകം കാർഡ് നൽകണമെന്നാണ് വ്യവസ്ഥ. ഈ വാർഡിലെ തൊഴിൽ കാർഡിന് അപേക്ഷിച്ചവർക്കെല്ലാം കാർഡ് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ സമീപനം മാതൃകാപരമാണ്. എന്നാൽ മറ്റ് ചില പ്രശ്നങ്ങൾ ഓഡിറ്റ് ടീമിന്റെ ശ്രദ്ധയിൽ പെട്ടു.

- തൊഴിൽ കാർഡിൽ ഒട്ടിക്കുവനുള്ള ഫോട്ടോക്കുള്ള ചെലവ് സ്വന്തമായി എടുത്തതാണ് .

**തൊഴിൽ നിഷേധം**

ഇവിടെ തൊഴിൽ നിഷേധം ഉണ്ടായിട്ടില്ല. ഒരുവർഷത്തിൽ 100 ദിവസത്തെ തൊഴിൽ തൊഴിലാളിയുടെ നിയമപരമായ അവകാശമാണ്. ഇത് നിഷേധിക്കാൻ ആർക്കും അധികാരമില്ല.

**വേതനം വൈകൽ**

മസ്റ്റർ റോൾ പൂർത്തിയായി പരമാവധി 14 ദിവസത്തിനകം കൂലി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കണമെന്ന് തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 3(2),6 എന്നിവിടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.വൈകിയാൽ ആദ്യത്തെ 30 ദിവസം വേതനത്തിന്റെ 0.05 ശതമാനം തുക പിഴ നൽകണമെന്ന് നിയമത്തിലെ സെക്ഷൻ 3(3)ലും വാർഷിക മാസ്റ്റർ സർക്കുലർ അധ്യായം 9ലും പറയുന്നു.

ഈ വാർഡിൽ ഓഡിറ്റ് സംഘം തൊഴിലാളികളോട് സംസാരിച്ചപ്പോൾ പ്രധാന പരാതി വേതനം വൈകുന്നതിനെക്കുറിച്ചായിരുന്നു. ഇതിൽ ലഭിക്കുന്ന നഷ്ട പരിഹാരത്തെക്കുറിച്ച് യാതൊരു ധാരണയും ഇവർക്ക് ഉണ്ടായിരുന്നില്ല. പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ നിന്ന് നിശ്ചിത ദിവസം തന്നെ എഫ് ടി ഒ അയച്ചിട്ടുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റിൽ നിന്ന് പണം ലഭിക്കാത്തതുകൊണ്ട് വേതനം ലഭിക്കുന്നില്ലെന്നാണ് പരാതി വന്നത്. ആരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചാലും കൃത്യസമയത്ത് വേതനവും അത് ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരവും ലഭിക്കേണ്ടതാണ്.ഇക്കാര്യത്തിൽ തൊഴിലാളികളിൽ നിന്ന് രേഖാമൂലം പരാതി സ്വീകരിച്ച് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കാൻ മേറ്റിനും ഭരണസമിതിക്കും ഉത്തരവാദിത്തമുണ്ട്.

**പ്രവൃത്തി സ്ഥലം സന്ദർശനം**

1ആം വാർഡ് വെങ്ങന്നൂരിൽ 29 പ്രവ്യത്തി സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. പ്രവ്യത്തികൾ പരിശോധിച്ചും തൊഴിലാളികളോടും മേറ്റുമാരോടും ഓഡിറ്റ് ടീം കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

**ഫയൽ പരിശോധന നടത്തിയ പ്രവ്യത്തികളുടെ പ്രവ്യത്തിസ്ഥല സന്ദർശനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങൾ:-**

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവ്യത്തി | MBOOK മെഷേര്ഴ്സ് | കണ്ടെത്തലുകൾ |
|---|---|---|---|---|
| 1 | IF384202 | വെങ്ങന്നൂർ നീർത്തടം കമാലുദ്ധീൻ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,12 meter cube @105.69/ meter cube | 1.5 മീറ്റർ നീളവും 0.5മീറ്റർ വീതിയും 0.4മീറ്റർ ഉയരവുമുള്ള 20 ഏരികൾ എടുത്ത് കൃഷി ചെയ്തത് അളവെടുത്തു. . കനത്ത മഴമൂലം കുറെ ഏരികൾ മണ്ണൊലിച്ചു പോയിരുന്നു എന്നറിയാൻ കഴിഞ്ഞു.CIB കാണാൻ കഴിഞ്ഞില്ല. |
| 2 | IF384195 | വെങ്ങന്നൂർ നീർത്തടം മണി വാലിപ്പറമ്ബ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,12 meter cube @105.69/ meter cube | 15 ഏരികൾ 3മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും 0.4മീറ്റർ ഉയരത്തിലുമാണ് കൃഷിക്ക് മണ്ണിട്ടിരിക്കുന്നത്. കൂടാതെ 4തെങ്ങിന് തടമെടുത്തിട്ടുണ്ട്. CIB കാണാൻ കഴിഞ്ഞില്ല |
| 3 | IF384214 | വെങ്ങന്നൂർ നീർത്തടം പുഷ്പാവതി ഊരംകോട് ഭൂമിയിൽ | • 100 meter square @35.77/ meter square,3 meter cube | 6 ഏരികൾ 2 മീറ്റർ നീളത്തിലും 0.5മീറ്റർ വീതിയിലും 0.4m ഉയരത്തിലും കൃഷി ചെയ്തത് |

| | | | | |
|---|---|---|---|---|
| | | മണ്ണ് ജല സംരക്ഷണം | @105.69/ meter cube | അളവെടുത്തു. അനുവദിച്ച തൊഴിൽദിനങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തിയിട്ടില്ല. CIB കാണാൻ കഴിഞ്ഞില്ല. |
| 4 | IF384220 | വെങ്ങന്നൂർ നീർത്തടം അഷറഫ് യൂസഫ് മൻസിൽ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,12 meter cube @105.69/ meter cube | 2മീറ്റർ നീളവും 0.4മീറ്റർ വീതിയും 0.4മീറ്റർ ഉയരവുമുള്ള 27 ഏരികൾ അളവെടുത്തു. കൂടാതെ 1:1:0.75അനുപാതത്തിലുള്ള 3 മഴക്കുഴികളും. കുഴികൾ അളവെടുത്തു. മണ്ണിടിഞ്ഞിറങ്ങിയ നിലയിലായിരുന്നു. CIB കാണാൻ കഴിഞ്ഞില്ല. |
| 5 | IF383706 | വെങ്ങന്നൂർ നീർത്തടം രാമൻകുട്ടി മരുതക്കോട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,3 meter cube @105.69/ meter cube | 2മീറ്റർ നീളവും 0.5മീറ്റർ വീതിയും 0.5മീറ്റർ ഉയരവുമുള്ള 6ഏരികൾ അളവെടുത്തു. തൊഴിൽദിനങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നു. CIB കാണാൻ കഴിഞ്ഞില്ല. |
| 6 | IF384199 | വെങ്ങന്നൂർ നീർത്തടം തങ്ക കുഞ്ചൻ വാലിപ്പറമ്പ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,12 meter cube @105.69/ meter cube | 3മീറ്റർ നീളവും 0.5മീറ്റർ വീതിയും 0.4മീറ്റർ ഉയരവുമുള്ള 20 ഏരികൾ അളവെടുത്തു. CIB കണ്ടില്ല. |

| | | | | |
|---|---|---|---|---|
| 7 | IF383701 | വെങ്ങന്നൂർ നീർത്തടം കൃഷ്ണൻകുട്ടി വാലിപ്പറമ്പ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,12 meter cube @105.69/ meter cube | 18ഏരികൾ 3 മീറ്റർ നീളത്തിലും 0.4 വീതിയിലും 0.4 മീറ്റർ ഉയരത്തിലും അളവെടുത്തു 4തെങ്ങുകൾക് തടമെടുത്തിട്ടുണ്ട്. CIB കാണാൻ കഴിഞ്ഞില്ല. |
| 8 | IF384203 | വെങ്ങന്നൂർ നീർത്തടം അബ്ദുൾ മജീദ് കളത്തിൽവീട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,6 meter cube @105.69/ meter cube | 8 ഏരികൾ 2മീറ്റർ നീളത്തിലും 0.5മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും അളവെടുത്തു. 10 തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. അനുവദിച്ച തൊഴിൽദിനങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തിയിട്ടില്ല. CIB കാണാൻ കഴിഞ്ഞില്ല. |
| 9 | IF383184 | വെങ്ങന്നൂർ നീർത്തടം അംബിക രാധാകൃഷ്ണൻ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 125 meter square @35.77/ meter square,17 meter cube @105.69/ meter cube | 8 തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. 16 ഏരികൾ 3 മീറ്റർ നീളത്തിലും 0.4 മീറ്റർ വീതിയിലും 0.4 മീറ്റർ ഉയരത്തിലും അളവെടുത്തു.5 ഏരികൾ മണ്ണ് ഒലിച്ചുവന്ന് ഭാഗികമായി തൂർന്നുപോയിരിക്കുന്നു.തൂർന്നുപോയി CIB കാണാൻ കഴിഞ്ഞില്ല. |
| 10 | IF384223 | വെങ്ങന്നൂർ നീർത്തടം ഓമന ചന്ദ്രൻ വാലിപറമ്പ് | • 120 meter square @35.77/ meter square,6 | 8ഏരികൾ 2 മീറ്റർ നീളത്തിലും 0.6 മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും ഉള്ളത് അളവെടുത്തു. 3 |

| | | | | |
|---|---|---|---|---|
| | | ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | meter cube @105.69/ meter cube | തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. അനുവദിച്ച തൊഴിൽദിനങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തിയിട്ടില്ല. CIB കാണാൻ കഴിഞ്ഞില്ല |
| 11 | IF384194 | വെങ്ങന്നൂർ നീർത്തടം ബാലൻ തങ്കമണി ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,12 meter cube @105.69/ meter cube | 30 മഞ്ഞൾ കൃഷി ചെയ്തിരിക്കുന്ന ഏരികൾ 2 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും 0.4 മീറ്റർ ഉയരത്തിലും ഉണ്ടായിരുന്നത് അളവെടുത്തു. CIB കാണാൻ കഴിഞ്ഞില്ല |
| 12 | IF384196 | വെങ്ങന്നൂർ നീർത്തടം ചെല്ല കൃഷ്ണൻകുട്ടി വാലിപറമ്പ് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,17 meter cube @105.69/ meter cube | 12 തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. 13 ഏരികൾ 2 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും ഉണ്ടായിരുന്നു അത് അളവെടുത്തു. CIB കാണാൻ കഴിഞ്ഞില്ല |
| 13 | IF384183 | വെങ്ങന്നൂർ നീർത്തടം ഉണ്ണികൃഷ്ണൻ മരുതക്കോട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,17 meter cube @105.69/ meter cube | 18ഏരികൾ 2 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും അളന്നു തിട്ടപ്പെടുത്തി. 8 തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. CIB കാണാൻ കഴിഞ്ഞില്ല |
| 14 | IF384201 | വെങ്ങന്നൂർ നീർത്തടം ഹംസ കളത്തിൽവീട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,12 meter cube | 10 മഞ്ഞളിന്റെ ഏരികൾ മാത്രമാണ് എടുത്തിട്ടുള്ളത്. അത് 3 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും 0.4 മീറ്റർ ഉയരത്തിലും ഉള്ളതായി |

| | | | | |
|---|---|---|---|---|
| | | | @105.69/ meter cube | അളന്നപ്പോൾ അറിഞ്ഞു. CIB കാണാൻ കഴിഞ്ഞില്ല |
| 15 | LD235135 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട കുഞ്ഞ 1/16 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 140 meter square @8.83/ meter square,27 meter cube @105.69/ meter cube | ഒരു തെങ്ങിന് തടമെടുത്തിട്ടുണ്ട്.20വാഴയ്ക് മണ്ണിട്ടിട്ടുണ്ട്.ഒരു മഴക്കുഴി 1:1:0.75അനുപാതത്തിൽ എടുത്തുവെന്ന് അറിഞ്ഞു പക്ഷെ കുഴിയിൽ മണ്ണ് ഇടിഞ്ഞിറങ്ങിയിരുന്നു.ആഴം 0.5ആണ് അളന്നപ്പോൾ കണ്ടത്. 6 ചേമ്പിന്റെ ഏരികൾ 1.5 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും 0.4 മീറ്റർ ഉയരത്തിലും എടുത്തതായി കണ്ടു.അത് അളവെടുത്ത് തകറ്റപ്പെടുത്തി. CIB കാണാൻ കഴിഞ്ഞില്ല |
| 16 | LD235132 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട ദേവു 1/14 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 140 meter square @8.83/ meter square,27 meter cube @105.69/ meter cube | 22ഏരികൾ 3 മീറ്റർ നീളത്തിലും 0.6 മീറ്റർ വീതിയിലും0.5മീറ്റർ ഉയരത്തിലും എടുത്തത് അളവെടുത്തു.കൂടാതെ 7തെങ്ങുകൾക്ക് തടമെടുത്തിട്ടുമുണ്ട്.CIB കാണാൻ കഴിഞ്ഞില്ല |
| 17 | LD235174 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട സരോജിനി 1/53 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 140 meter square @8.83/ meter square,27 meter cube @105.69/ meter cube | 12തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്.ഒരു മഴക്കുഴി എടുത്തിട്ടുണ്ട്. 1:1:0.5അനുപാതത്തിലായിരുന്നു കുഴി അളന്നപ്പോൾ കണ്ടത്. വേലിക് 15മീറ്റർ നീളത്തിൽ0.3m വീതിയിലും 0.4m കനത്തിലും മണ്ണിട്ടിട്ടുണ്ട്. CIB കാണാൻ കഴിഞ്ഞില്ല |
| 18 | IF352427 | മരുതകോട് പാടശേഖരം ശങ്കരൻ കെ ഭൂമിയിൽ | • 900 meter square @4.55/ meter square,57 meter cube | 30 ഏരികൾ 3 മീറ്റർ നീളത്തിലും 0.6 മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും എടുത്തതായി അളന്നു |

| | | | | |
|---|---|---|---|---|
| | | മണ്ണ് ജല സംരക്ഷണം | @105.69/ meter cube | തിട്ടപ്പെടുത്തി. 10 തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. മഴ മൂലം ചെയ്ത കൂടുതൽ ഏരികളും കാണാനായില്ല.CIB കാണാൻ കഴിഞ്ഞില്ല |
| 19 | LD235129 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട കോമളം 1/126 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 140 meter square @8.83/ meter square,27 meter cube @105.69/ meter cube | 20 ഏരികൾ 3 മീറ്റർ നീളത്തിലും 0.6 മീറ്റർ വീതിയിലും 0.4 മീറ്റർ ഉയരത്തിലും എടുത്തത് അളവെടുത്തു . 13തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. CIB കാണാൻ കഴിഞ്ഞില്ല |
| 20 | LD235164 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട ചെല്ല 1/35 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @8.83/ meter square,12 meter cube @105.69/ meter cube | 25തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്.CIB കാണാൻ കഴിഞ്ഞില്ല |
| 21 | LD235149 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട വള്ളി 1/19 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 140 meter square @8.83/ meter square,27 meter cube @105.69/ meter cube | ഒരു മഴക്കുഴി 1:1:0.5അനുപാതത്തിൽ നിർമിച്ചത് അളവെടുത്തു .11മണ്ണ് ബണ്ട് 3 മീറ്റർ നീളത്തിലും 0.6 മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും ഉള്ളത് അളവെടുത്തു.8 വാഴകൂട്ടങ്ങൾക്ക് മണ്ണിട്ടിട്ടുണ്ട്.CIB കാണാൻ കഴിഞ്ഞില്ല |
| 22 | LD235352 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട മീനാക്ഷി 1/20 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 140 meter square @8.83/ meter square,27 meter cube @105.69/ meter cube | 2മഴക്കുഴികൾ 1:1:1 അനുപാതത്തിൽ എടുത്തിരുന്നു എന്നാൽ തൂർന്നുപോയനിലയിലാണ് കാണാനായത്.15മണ്ണ് ബണ്ട് 3 മീറ്റർ നീളത്തിലും 0.5മീറ്റർ വീതിയിലും 0.5മീറ്റർ |

| | | | | |
|---|---|---|---|---|
| | | | | ഉയരത്തിലും എടുത്തതായി കണ്ടുഅത് അളന്നു തിട്ടപ്പെടുത്തി.അതിൽ മഞ്ഞളാണ് കാണാനായത്.വാഴയ്ക്ക് മണ്ണിട്ടിട്ടുണ്ട്. വേലിക്ക് 20മീറ്റർ നീളത്തിൽമണ്ണിട്ടിട്ടുണ്ട്.CIB കാണാൻ കഴിഞ്ഞില്ല |
| 23 | IF352453 | മരുതകോട് വെങ്ങന്നൂർ പാടശേഖരം ഉണ്ണികൃഷ്ണൻ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 900 meter square @4.55/ meter square,51 meter cube @105.69/ meter cube | 10തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. 30 ഏരികൾ 3 മീറ്റർ നീളത്തിലും1മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും എടുത്തത് അളവെടുത്തു. CIB കാണാൻ കഴിഞ്ഞില്ല |
| 24 | LD215145 | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട തങ്കമണി 1/24 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 140 meter square @8.83/ meter square,27 meter cube @105.69/ meter cube | 15 തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്.എല്ലാ തെങ്ങിലെയും കുരുമുളകിന് മണ്ണിട്ടിട്ടുണ്ട്. 25 ഏരികൾ 2 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും 0.4 മീറ്റർ ഉയരത്തിലും കാണാനായത് അളവെടുത്തു. CIB കാണാൻ കഴിഞ്ഞില്ല |
| 25 | IF347880 | ഊരംകോട് പാടശേഖരം നബീസ മാക്കുട്ടി റാവുത്തർ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 900 meter square @4.55/ meter square,55.5 meter cube @105.69/ meter cube | വീട്ടുപറമ്പിലുള്ള20 തേക്കുകൾക് മണ്ണിട്ടതായാണ് കാണാൻ കഴിഞ്ഞത്. വന്മരങ്ങളായിരുന്നു.7ഏരികൾ എടുത്തത് മഴ പെയ്തു തകർന്നു പോയിരിക്കുന്നു മരങ്ങൾക്കിടയിലായിരുന്നു ഏരികൾ എടുത്തിരുന്നത്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ 15തെങ്ങുകൾക്ക് തടമെടുത്തിട്ടുമുണ്ട്. ഒരു മഴക്കുഴി 1:1:0.75അനുപാതത്തിൽ എടുത്ത് വൃത്തിയായി കാണാൻ കഴിഞ്ഞു. CIB കാണാൻ കഴിഞ്ഞില്ല |
| 26 | IF383722 | വെങ്ങന്നൂർ നീർത്തടം പ്രേമ ഉണ്ണികൃഷ്ണൻ കളത്തിൽവീട് ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 120 meter square @35.77/ meter square,3 meter cube @105.69/ meter cube | കാടുവെട്ടി 6മണ്ണ് ബണ്ടുകൾ 2മീറ്റർ നീളത്തിലും 0.5മീറ്റർ വീതിയിലും 0.5മീറ്റർ ഉയരത്തിലും എടുത്ത് കൃഷി ചെയ്തിട്ടുണ്ട്.അത് അളന്നു തിട്ടപ്പെടുത്തി. അനുവദിച്ച തൊഴിൽദിനങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തിയിട്ടില്ല. CIB കാണാൻ കഴിഞ്ഞില്ല. |
| 27 | IF347160 | ഊരംകോട് പാടശേഖരം ബീഫാത്തുമ്മ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | • 900 meter square @4.55/ meter square,57 meter cube @105.69/ meter cube | 14തെങ്ങുകൾക്ക് തടമെടുത്തിട്ടുണ്ട്. 8 വാഴക്കൂട്ടങ്ങൾക് മണ്ണ് കയറ്റിയിട്ടുണ്ട്. 25ഏരികൾ 3 മീറ്റർ നീളത്തിലും 0.6 മീറ്റർ വീതിയിലും 0.5 മീറ്റർ ഉയരത്തിലും ഉണ്ടായിരുന്നത് അളവെടുത്തു. CIB കാണാൻ കഴിഞ്ഞില്ല |
| 28 | IC212641 | പൂളയ്ക്കൽ കാട് ജലസേചന കാടക്കനാൽ സംരക്ഷണം | • 1200meter square@4.55/ meter square 255meter cube @ 90.78/ meter cube, 300 meter square @ 27.10/ meter square | മെയിൻ കാണലിൽനിന്ന് വെള്ളം കൊണ്ടുപോകുന്നതിനുള്ള ചെറിയ കനലാണിത്. സിമന്റ് ഉപയോഗിച്ചു കെട്ടിയിട്ടുണ്ട്. കനാലിന്റെ വീതി 0.4മീറ്റർ ആണ് ഇതിൽ മണ്ണ് നിറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ |

| | | | | |
|---|---|---|---|---|
| | | | | കനാലിന്റെ ഡെപ്ത് 0.20മീറ്റർ ആണ് കാണാൻ കഴിഞ്ഞത്. കനാലിന്റെ 25 മീറ്റർ ആണ് അളവെടുത്തത്. ബാക്കി ഭാഗം സ്വകാര്യ വ്യക്തിയുടെ അടച്ചുകെട്ടിയ പറമ്പിലൂടെ പാടത്തേക്കു പതിക്കുന്നു. |
| 29 | WC294940 | വെങ്ങന്നൂർ നീർത്തടത്തിൽ ഉൾപ്പെട്ട മൺകയ്യാല നിർമാണം (ഊരംകോട് പാടശേഖര സമിതി ) | • 3468 meter square @ 35.77 / meter square 4778 meter square @ 35.77 / meter square | പാടശേഖരത്തെ വരമ്പുകളിൽ മണ്ണ് പൊതിയുന്ന പ്രവൃത്തിയായിരുന്നു. ഇത് നടന്നത് 2018 ഒക്ടോബർ മാസത്തിലായിരുന്നു. ഇപ്പോൾ കണ്ടത് ഈ വർഷം കർഷകർ ചെയ്തതായിരുന്നു. വരമ്പുകൾക് ശരാശരി 1 മീറ്റർ വീതിയാണ് വരമ്പുകൾക്കുള്ളത്. അളവെടുത്ത വരമ്പിന് 0.8മീറ്റർ ഉയരമാണുണ്ടായിരുന്നത് |

**പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ:**

1. അർജുൻദാസ് - അക്രഡിറ്റഡ് എൻജിനീയർ
2. സുഭാഷ് - ഓവർസിയർ
3. മുകേഷ് - ഡിഇഒ/ അക്കൗണ്ടന്റ്
4. സൗമ്യ - ഡിഇഒ/ അക്കൗണ്ടന്റ്

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീരുമാനങ്ങൾ നിർദേശങ്ങൾ**

- തൊഴിൽ കാർഡിൽ പതിക്കുന്ന ഫോട്ടോ സൗജന്യമായി നൽകാൻ തീരുമാനം ആയി.

- ഫ്രണ്ട് ഓഫീസ് വഴി തൊഴിൽ അപേക്ഷിക്കാനും റെസിപ്റ് കൈപ്പറ്റാനും തീരുമാനം ആയി.
- അവകാശങ്ങളിൽ അവർക്കുണ്ടായിരുന്ന പ്രധാന പരാതി വേതനം വൈകുന്നതിനെകുറിച്ചായിരുന്നു. അതിനു പരിഹാരമുണ്ടാക്കാൻ ഫ്രണ്ട് ഓഫീസ് വഴി പരാതിപെടാൻ തീരുമാനമായി.
- തണൽ സൗകര്യം വേണമെന്ന ആവശ്യം ഉയർന്നു. അത് നൽകാൻ തീരുമാനമായി.
- കയ്യുറ, കാലുറ മുതലായവ 5 എണ്ണം മാത്രമാണ് ഇപ്പോൾ നൽകിയതെന്നും മണ്ണെടുക്കാൻ 30 പേരെങ്കിലും ഇറങ്ങുമെന്നും അത്രയെങ്കിലും എണ്ണം വേണമെന്നും ആവശ്യമുയർന്നു. പക്ഷെ അത് മുഴുവൻ നൽകണമെങ്കിൽ കേന്ദ്ര ഫണ്ട് നല്കണം എന്നും അത് ലഭിക്കുന്ന പക്ഷം നൽകാം എന്നും  ഓവര്സീയർ പ്രതികരിച്ചു.
- VMC പുനഃസംഘടിപ്പിക്കാൻ തീരുമാനമായി.
- ഒരു തൊഴിൽ കാർഡിൽ 100 നിന്ന് 150 ആയി തൊഴിൽ ദിനങ്ങൾ വർധിപ്പിക്കാൻ തൊഴിലാളികൾ ആവശ്ശ്യപ്പെട്ടു.
- മണ്ണ് പണിയിലെ നിരക്ക് മാറ്റാൻ  തൊഴിലാളികളും MGNREGS ഉദ്യോയോഗസ്ഥരും നിർദ്ദേശിച്ചു
- മണ്ണ് പണിക്കായി ആവശ്യമുള്ള ആയുധം വാങ്ങാൻ മറ്റ് സംസ്ഥാങ്ങൾക്ക് ഉള്ളത് പോലെ കേന്ദ്ര ഫണ്ട് അനുവദിക്കണം എന്ന് ഓവർസീർ നിർദ്ദേശിച്ചു.
- ഓരോ പണിക്കും ഓരോ CIB സ്ഥാപിക്കണം.
- CIB യോടുകൂടിയ ഫോട്ടോഗ്രാഫ് ഓരോ ഫയലിലും വയ്ക്കണം.
- ഓരോ ഫയലിലും 22 രേഖകളുടെ ചെക്ക് ലിസ്റ്റ് വയ്ക്കണം.

**ഉപസംഗ്രഹം**

പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ വർഷം 2.3285cr രൂപ   ചെലവ് ആയിട്ടുണ്ട്. വ്യത്യസ്തമായ പ്രവൃത്തികൾ കണ്ടെത്തുന്നതിൽ താൽപ്പര്യം കാണിച്ചാൽ കുറെക്കൂടി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കാനാകും. അത് തൊഴിലാളികൾക്ക് സഹായകമാവുന്ന ഏറ്റവും നല്ല ഒരു ഉപായമാണ്.

## <u>സോഷ്യൽ ഓഡിറ്റ് പ്രവർത്തന ങ്ങളിൽ പങ്കാളികൾ ആയവർ</u>

- വാർഡ് മെമ്പർ
- പഞ്ചായത്ത് ഉദ്യോഗസ്ഥർ
- തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ
- വാർഡിലെ തൊഴിലാളികൾ
- മേറ്റ് മാർ
- കുടുംബശ്രീ പ്രവർത്തകർ

അനുബന്ധം- 1-

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ :**

**വിഭാഗം എ**-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനാവശ്യമായ അടിയണകൾ,മൺ തടയണകൾ, ചെക്ക് ഡാമുകൾ,തുടങ്ങിയവ
- നീർത്തടത്തിന്റെ സമഗ്ര പരിപാലനതിനുതകുന്ന കൊണ്ടൂർ ബണ്ടുകൾ,ഭൂമി തട്ടുതിരിക്കൽ,ഗ്യാബിയോൻ നിര്മിതികൾ

**വിഭാഗം ബി**-ഖണ്ഡിക അഞ്ചിൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുവാനുള്ള പ്രവൃത്തികൾ. (ബി പി എൽ ,പട്ടിക ജാതി, പട്ടികവർഗ്ഗം, വിധവകൾ, ഭിന്നശേഷിക്കാർ, ഐഎവൈ ഗുണഭോക്താക്കൾ.)

- ഇവരുടെ ഭൂമിയിൽ ഉൽപ്പാദന ക്ഷമത വര്ധിപ്പിക്കുന്നതിനാവശ്യമായ ഭൂവികസനവും ,കുളം ,കിണർ തുടങ്ങിയ ജല ലഭ്യതയ്ക്ക് ആവശ്യമായ പ്രവൃത്തികൾ.
- പഴവർഗ്ഗങ്ങൾ,പട്ടുനൂൽ,തോട്ടവിളകൾ തുടങ്ങിയവയുടെ കൃഷിപ്രവൃതികൾ.
- മൃഗ പരിപാലനവുമായി ബന്ധപ്പെട്ടു കന്നുകാലി തൊഴുത്തുകൾ,ആട്ടിന്കൂട് ,കോഴിക്കൂട്,പന്നിക്കൂട് തുടങ്ങിയ വ്യക്തിഗത ആസ്ഥികൾ.
- സർക്കാർ ഭവന നിർമാണ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക് അവിദഗ്ദ കായിക തൊഴിൽ.
- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു അടിസ്ഥാന സൌകര്യങ്ങളായ മൽസ്യം ഉണക്കു കേന്ദ്രങ്ങൾ,സൂക്ഷിപ്പ് കേന്ദ്രങ്ങൾ മല്സ്യക്രുഷിക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.

**വിഭാഗം സി**- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യ വികസനം.

- സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കാവശ്യമായ വർക്ക് ഷെഡ് നിർമാണം.
- കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം.
- ജൈവ വള നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ.

**വിഭാഗം ഡി**-ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികൾ.

- മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- അങ്കണവാടി സ്കൂൾ തുടങ്ങിയവയ്ക്ക് കക്കൂസ് നിർമ്മാണം.

- ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും,ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകൾ, ഓടകൾ, കല്ലുങ്കുകൾ,നടപ്പാതകൾ .
- പൊതു കളിസ്ഥലങ്ങൾ
- വെള്ളപ്പൊക്കം, വരൾച്ചാ നിയന്ത്രണ പ്രവൃത്തികൾ.
- ഗ്രാമ പഞ്ചായത്തുകൾ,വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, ഗ്രാമീണ ചന്തകൾ,അങ്കണവാടികൾ, പ്രകൃതി ക്ഷോഭ ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണം.
- തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കാ വശ്യമായ നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം.
- തൊഴിലുറപ്പ്പ്രകാരം സൃഷ്ട്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവ.

അനുബന്ധം: 2

## വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ.

### 1.മേറ്റ് മാരുടെ ചുമതലകൾ.

- പ്രവൃത്തി സ്ഥലങ്ങളിൽ പ്രവൃത്തിയുടെ മേൽനോട്ടം.
- തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.
- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തുക.
- മേറ്റ്മാരുടെ പരിശീലനങ്ങളിൽ പങ്കെടുക്കുക. അറിവുകൾ തൊഴിലാളികളുമായി പങ്കുവെക്കുക.
- പ്രവൃത്തി ഇടങ്ങളിൽ ആവശ്യ മായ സൌകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തുക
- സൈറ്റ് ഡയറിയിൽ മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം
- തൊഴിലാളികൾക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക
- പുതിയ തൊഴിൽ ഇടങ്ങൾ കണ്ടെത്തുവാനും പുതിയ തൊഴിൽ ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .

- കൃത്യമായി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.
- മറ്റു തൊഴിലാളികൾക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക
- തൊഴിലാളികളുമായി നിരന്തര സമ്പർക്കം പുലർത്തുകയും കൂടുതൽ ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

- **2.ഓവർസീയർ /എഞ്ചിനീയർ**

- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ.
- പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികൾക്ക് പറഞ്ഞു കൊടുക്കുക.
- പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി കൂലിനൽകുന്നതിനാവശ്യമായ നടപടികൾ ചെയ്യുക.

**<u>3.പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്റ് സെക്രട്ടറി</u>**

- പദ്ധതിയുടെ മേൽനോട്ടം.
- ബില്ലുകൾ അംഗീകരിക്കൽ.
- തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടിൽ എത്തിയെന്നത് ഉറപ്പു വരുത്തൽ.
- മസ്റ്റർ റോള് സാക്ഷ്യപ്പെടുത്തി തൊഴിൽ അനുമതി നൽകുക,

**<u>4.തൊഴിലാളികളുടെ കടമകൾ.</u>**

- തൊഴിലിടങ്ങളിൽ സമയകൃത്യത പാലിക്കുക.
- പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എന്നിവയിൽ പങ്കെടുക്കുക.
- ഏൽപ്പിക്കുന്ന ജോലികൾ കൃത്യതയോടെ പൂർത്തീകരിക്കുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുമ്പും ശേഷവും മസ്റ്റർ റോളിൽ ഒപ്പുകൾ രേഖപ്പെടുത്തുക

.......................................................................................................................................

***അധ്യക്ഷൻ :വേലായുധൻ***

| | |
|---|---|
| ***ബ്ലോക്ക് റിസോഴ്സ് പേർസൺ*** | ***ഡിസ്ട്രിക്ട് റിസോഴ്സ് പേർസൺ*** |

റിപ്പോർട്ട് തയ്യാറാക്കിയത് : ശ്രീദിവ്യ. s, ദിവ്യ വിനോദ്കുമാർ, അനിത, ശരത് രാജ്, ആതിര